"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി- 2021 വർഷത്തേക്കുള്ള പ്രീമിയം തുക കുറവ് ചെയ്യുന്നതിനും ഒടുക്കുന്നതിനുമുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (സാധാ) നം.620/2021/ധന തീയതി,തിരുവനന്തപുരം, 23/01/2021.

പരാമർശം:- 1) 23/11/2010 തീയതിയിലെ സ.ഉ(അച്ചടി)നമ്പർ 616/2010/ധന

2) 05/11/2020 തീയതിയിലെ സ.ഉ(അച്ചടി)നമ്പർ 150/2020/ധന

3) 12/01/2021 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ ജി.പി.എ.ഐ.എസ്/എം.1/മറൈൻ നമ്പർ കത്ത്

ഉത്തരവ്

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01/01/2020 മുതൽ ഒരു വർഷത്തേക്ക് കൂടി പുതുക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 2021 വർഷത്തേക്ക് പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയും അതോടൊപ്പം പരാമർശം (3) പ്രകാരം സമയപരിധി ദീർഘിപ്പിക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 ഡിസംബർ 31-ന് ശേഷം പ്രീമിയം ഒടുക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, പ്രീമിയം കിഴിവ് നടത്തുന്ന തീയതി മുതൽ മാത്രമായിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി, 2020 നവംബർ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന 31/12/2020 നകം സർവ്വീസിൽ പ്രവേശിച്ച അർഹരായ ജീവനക്കാർക്ക്, 2021 ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പം 31/03/2021 വരെ പ്രീമിയം തുക "8658-102-88- സസ്പെൻസ് അക്കൗണ്ട്-ജി പി ഐ ഫണ്ട്" എന്ന ശീർഷകത്തിൽ ഒടുക്കി ഈ പദ്ധതിയിൽ ചേരുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2021 ജനുവരി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാരെ 2021-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. 31/03/2021 തീയതിക്ക് ശേഷം പ്രീമിയം തുക ഒടുക്കുന്നതിന് സ്പാർക്കിൽ സൗകര്യം ലഭിക്കുന്നതല്ല.

പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ മറ്റെല്ലാ വ്യവസ്ഥകളും നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുനിൽ ദാസ്.എസ്.വൈ**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും.
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു).
ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു).
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.1606378)

ഉത്തരവിൻ പ്രകാരം

Anupama

സെക്ഷൻ ഓഫീസർ